**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 196** **12-10-2026-ൽ മറുപടിയ്ക്ക്**

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ സ്ഥിരം തസ്തികകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ വിഭാഗത്തിൽ ഏതെല്ലാം സ്ഥിരം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

**മറുപടി:** കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ 2 ഒഴിവുകൾ നിലവിലുണ്ട്.

**(ബി)** കഴിഞ്ഞ സർക്കാർ പ്രസ്തുത ആശുപത്രിയിലേക്ക് ഡോക്ടർമാരുടെ വിഭാഗത്തിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിരുന്നു; ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

**മറുപടി:** സ.ഉ.(കൈ) നം.436/2025/H&FWD തീയതി 23/12/2025 പ്രകാരം വിവിധ വിഭാഗം ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായതിൽ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് 3 തസ്തികകൾ അനുവദിച്ചിരുന്നു.

- കൺസൾട്ടന്റ് (കാർഡിയോളജി) -1
- ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) - 1
- അസിസ്റ്റന്റ് സർജൻ - 1

**(സി)** പ്രസ്തുത തസ്തികകളിൽ ഡോക്ടർമാർ നിലവിൽ സേവനം അനുഷ്ഠിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

**മറുപടി:** ഒഴിവ് നിലവിലുള്ള കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തിക ഒഴികെ ബാക്കിയെല്ലാ തസ്തികയിലും ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്

**(ഡി)** ആശുപത്രിയിലെ ഡോക്ടർമാരുടെ സ്ഥിരം തസ്തികകളിൽ അവരുടെ സേവനം ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

**മറുപടി:** നിലവിലുള്ള സ്ഥിരം തസ്തികകളിലെ ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും , വിരമിക്കൽ , സ്ഥലംമാറ്റം ,

സ്ഥാനക്കയറ്റം തുടങ്ങിയ കാരണങ്ങളാൽ ഉണ്ടാകുന്ന ഒഴിവുകൾ കണ്ടെത്തി സമയബന്ധിതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**